ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യു കോംപ്ളക്സ്, മൂന്നാം നില
പബ്ളിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം – 33

Phone : 0471 - 2324951
0471 - 2325071
Tele Fax : 0471 - 2324951
email : celsgd @rediffmail.com
web site : www.celsgd.com

**നമ്പർ ഡിബി5–1901/08/സി.ഇ/തസ്വഭവ.** **തീയതി 01.12.2011**

# സർക്കുലർ

വിഷയം :– തദ്ദേശസ്വയംഭരണ വകുപ്പ് ഷെഡ്യൂൾ നിരക്ക് പരിഷ്കരണം 2011– വിശദീകരണം സംബന്ധിച്ച്.

സൂചന:– 1. G.O.(Rt) No. 1151/2011/PWD dated 03.09.2011.
2. സർക്കാർ ഉത്തരവ് (സാധ) നമ്പർ 2284/2011/തസ്വഭവ തീയതി 01.10.2011.

2011–ൽ ഷെഡ്യൂൾ നിരക്ക് പരിഷ്കരണത്തെ തുടർന്ന്, സർക്കാർ ഉത്തരവുകളിൽ അവ്യക്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ താഴെ പറയുന്ന വിശദീകരണം നൽകുന്നു. ഇനിയും സംശയങ്ങൾ വല്ലതും ഉണ്ടെങ്കിൽ ഈ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രേഖകൾ തയ്യാറാക്കി DPCഅനുമതി വാങ്ങി ടെൻഡർ ചെയ്യാനും/ചെയ്യുകയും ചെയ്ത അവസരത്തിൽ നിരക്കുകൾ പുതുക്കി ഭരണാനുമതി, DPCഅനുമതി, സാങ്കേതികാനുമതി എന്നിവ വാങ്ങി ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുമെന്നും, നിർവ്വഹണം നടത്തുന്നതിൽ കാലതാമസമോ, ചെലവ് ചെയ്യുന്നതിൽ കുറവോ വരുമെന്നതിനാലാണ് സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ പ്രവൃത്തി നടപ്പാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. രണ്ടാം ഖണ്ഡികയിൽ "***ഇപ്രകാരം വരുന്ന അധികതുകക്കുള്ള എസ്റ്റിമേറ്റ് പുതുക്കി പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയും ജില്ലാ പ്ളാനിംഗ് സമിതിയുടെയും അംഗീകാരവും വാങ്ങിയിരിക്കേണ്ടതാണ്. ഈ അംഗീകാരം ലഭ്യമായ പ്രവൃത്തികൾക്കു മാത്രമേ മുഴുവൻ തുകയും നൽകാൻ പാടുള്ളു***" എന്നിങ്ങനെ പറഞ്ഞിരിക്കുന്നു.

2010–ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നൽകുകയാണെങ്കിൽ പ്രവൃത്തികളുമായി മുന്നോട്ടു പോകുന്നതിനിടയിൽ

മേൽപറഞ്ഞ ഔദ്യോഗിക അംഗീകാരങ്ങൾ വാങ്ങിയിരിക്കണമെന്നും ഇത്തരം അംഗീകാരങ്ങൾ ലഭ്യമാക്കിയ ശേഷമേ ടെണ്ടർ എക്സസ് മൂലമുള്ള **അധികതുകയടങ്ങിയ മുഴുവൻ തുകയും നൽകാവൂ** എന്നേ ഉദ്ദേശിച്ചിട്ടുള്ളു. *അല്ലാതെ ഇത്തരം അംഗീകാരങ്ങൾ വാങ്ങിയ ശേഷമേ പ്രവൃത്തി തുടങ്ങാവൂ എന്ന് നിഷ്കർഷിക്കുന്നില്ല. അധികതുകയുടെ ബാധ്യത ഗ്രാമപഞ്ചായത്ത് കമ്മറ്റി, ജില്ലാ പ്ളാനിംഗ് കമ്മറ്റി എന്നിവയുടെ അറിവോടെയായിരിക്കണം എന്നതുകൊണ്ടാണ് ഔപചാരികമായ അംഗീകാരം വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. മാത്രമല്ല അടുത്ത വർഷം spillover ആയി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മുമ്പായി ഇത്തരം വിവരങ്ങൾ ജില്ലാ പ്ളാനിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.* ഈ വർഷം നീക്കിവെച്ച തുക മുഴുവൻ ചെലവഴിക്കാവുന്നതാണ്. അധിക തുക വരുമ്പോൾ മാത്രമേ ഇത്തരം ഔപചാരികമായ അംഗീകാരങ്ങൾ ലഭ്യമാക്കേണ്ടതുള്ളു. പ്രവൃത്തി ചെയ്യുന്നതിനുമുമ്പ് അംഗീകാരം വാങ്ങണമെന്ന് പറയുന്നില്ല. പദ്ധതി രേഖയിൽ പറഞ്ഞതിൽ കൂടുതൽ തുക ചെലവഴിക്കുന്നതിന് മാത്രമാണ് അംഗീകാരം വാങ്ങേണ്ടത്. മൊത്തം പദ്ധതി തുകയിൽ അധികമായി വരുന്ന തുകയ്ക്ക് മാത്രമേ അനുമതി വാങ്ങേണ്ടതായുള്ളൂ. അധിക തുകയ്ക്കുള്ള **സാങ്കേതിക അനുമതി നൽകുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ല.**

(2) മൂന്നാം ഖണ്ഡികയിൽ **"ആവശ്യമെങ്കിൽ പുതുക്കിയ നിരക്കിൽ നൽകാവുന്നതാണ്"** എന്ന് പറയുന്നു. സ്ഥാപനത്തിന് ആവശ്യമെങ്കിൽ മുഴുവൻ എസ്റ്റിമേറ്റുകളും റിവൈസ് ചെയ്ത് സാങ്കേതികാനുമതി നൽകാവുന്നതാണ്. അല്ലെങ്കിൽ 2010 നിരക്കിൽതന്നെ നൽകി പ്രവൃത്തി തുടരാവുന്നതാണ്.

(3) പദ്ധതി പ്രവൃത്തികൾ അല്ലാത്തവയ്ക്ക് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ അത്രയും തുക MLA, MP എന്നിവരുടെ വികസന ഫണ്ടിൽ നിന്നും, വെള്ളപ്പൊക്ക-വരൾച്ച ദുരിതാശ്വാസ ഫണ്ട് തുടങ്ങിയവയിൽ നിന്നും ലഭ്യമാവൂ എന്നതുകൊണ്ടാണ് എസ്റ്റിമേറ്റുകൾ പുതുക്കിയ നിരക്കിൽ തയ്യാറാക്കുവാൻ ആറാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ഈ വർഷം നിശ്ചയിച്ചിരിക്കുന്ന പ്രവൃത്തികൾ ഇക്കൊല്ലം തന്നെ നിർവഹണം നടത്തുന്നതായിരിക്കും ഉചിതം. അതിനുകാരണം താഴെ നൽകുന്നു.

1 കി.മീ. റോഡിന് അറ്റകുറ്റപ്പണി നടത്തുന്നതിന് 1 ലക്ഷം രൂപ വകയിരുത്തിയാൽ 15% ടെണ്ടർ എക്സസ് അടക്കം 1,15,000/- രൂപ ചെലവ് വരുന്നുണ്ട്. 1 ലക്ഷം രൂപയിൽ ഒതുക്കി ചെയ്യണമെങ്കിൽ 850 മീറ്റർ നീളം മാത്രമേ ചെയ്യാൻ കഴിയൂ. ബാക്കി 150 മീറ്റർ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപെടുത്തി ചെയ്യേണ്ടതായി വരും. അടുത്ത വർഷം ആകുമ്പോഴേക്ക് ഈ 150 മീറ്ററിലെ കേടുപാടുകളുടെ വ്യാപ്തി വളരെയധികം കൂടുകയും ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന 15,000/- രൂപ തികയാതെയും വരും. ആയതിനാൽ ഈ വർഷം തന്നെ ഈ 150 മീറ്ററിലും പ്രവൃത്തി ചെയ്യുന്നതായിരിക്കും ഉചിതം.

അംഗൻവാടി കെട്ടിട നിർമ്മാണത്തിന് വകയിരുത്തിയ തുകയിൽ 15% കുറച്ചാൽ ഒരു പക്ഷേ മേൽക്കൂര, പ്ളാസ്റ്ററിംഗ്, ഫ്ളോറിംഗ്, പെയിന്റിംഗ് തുടങ്ങിയവ ചെയ്യാൻ പറ്റാതെ വരും. ഇത് പ്രത്യേകമായി മറ്റൊരു പ്രവൃത്തിയായി ചെയ്യുമ്പോൾ ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥ വരാവുന്നതാണ്. ഈ കാരണത്താലാണ് ഈ വർഷം ഉദ്ദേശിക്കുന്ന പ്രവൃത്തികൾ 15% അധിക തുക വകയിരുത്തിയില്ലെങ്കിൽ പോലും ഈ വർഷം തന്നെ നടപ്പാക്കണമെന്ന് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

ചീഫ് എഞ്ചിനീയർ

എസ്.കെ.